**ശ്രദ്ധ ക്ഷണിക്കൽ**

**വയോജന സൗഹൃദ സംസ്ഥാനം**

ശ്രീ. കെ. പി. മോഹനൻ: സർ, കേരളത്തിലെ വയോജനങ്ങളുടെ പ്രശ്നമാണ് ഞാൻ ഇന്ന് ശ്രദ്ധക്ഷണിക്കലിലൂടെ അവതരിപ്പിക്കുന്നത്. വയോജനക്ഷേമ സമിതിയുടെ ചെയർമാൻ എന്ന നിലയിൽ ഒന്നര വർഷക്കാലമായി കേരളത്തിലുള്ള അനേകായിരം വയോജനങ്ങളുടെ പ്രശ്നങ്ങളുമായി സംവദിച്ചുകൊണ്ടിരിക്കുകയാണ്. ഇതിൽ നിന്നും കേരളത്തിലെ വയോജനങ്ങൾ നിരവധി പ്രശ്നങ്ങൾ നേരിടുന്നതായാണ് മനസ്സിലാക്കാൻ സാധിച്ചത് .... (ബഹളം)...

മി. സ്പീക്കർ: പ്ലീസ്, പ്ലീസ്

ശ്രീ. കെ. പി. മോഹനൻ: സർ, മുൻധനകാര്യവകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് എഴുതിയ 'വയോജന സൗഹൃദമാകണം കേരളം' എന്നൊരു ലേഖനം ഇക്കഴിഞ്ഞ 2-ാം തീയതി മാതൃഭൂമി പ്രസിദ്ധീകരിച്ചിട്ടുണ്ടായിരുന്നു. കേരളം വയോജന സൗഹൃദമാകണമെന്നാണ് ഞങ്ങളും ആഗ്രഹിക്കുന്നത്. പെൻഷനേഴ്സ് അടക്കമുള്ള സമൂഹത്തിലെ മുതിർന്ന പൗരന്മാരുടെ എണ്ണം അനുദിനം വർദ്ധിച്ചുവരികയും കുട്ടികളുടെ

എണ്ണം കുറഞ്ഞുവരികയും ചെയ്യുന്ന കാലത്തിലാണ് നാം ജീവിക്കുന്നത്. 2021-ഓടെ കേരളത്തിലെ പെൻഷനേഴ്സ് അടക്കമുള്ള വയോജനങ്ങൾ 16 ശതമാനമാണെങ്കിൽ അടുത്ത 25 വർഷം കൊണ്ട് അത് ഇരട്ടിയായി വർദ്ധിക്കും. ... (ബഹളം)... ഇവരുടെ ക്ഷേമം അനിവാര്യമായ കാലംകൂടിയാണിന്ന്. മക്കളും മക്കളുടെ മക്കളുമൊക്കെയായി വലിയ വിഭാഗമാണുള്ളത്. മുതിർന്ന പൗരന്മാർ മക്കളിൽനിന്നും മറ്റുമായി അനുഭവിക്കുന്ന പീഡനങ്ങളും ദുരിതങ്ങളും പരിഹരിക്കുന്നതിനുള്ള പരാതികൾ ഉടൻ തീർപ്പാക്കേണ്ടത് അനിവാര്യമാണ്. സ്വത്ത് ഭാഗം വച്ച് മക്കൾക്ക് നൽകുന്നതുമായി ബന്ധപ്പെട്ട് നിരവധി പ്രശ്നങ്ങളുണ്ട്.

വാർദ്ധക്യം ഒരു രോഗമല്ല അതൊരു അവസ്ഥയാണെന്ന് അറിയാത്തവരായി ആരുമില്ല. എങ്കിലും ഈ അവസ്ഥ എന്താണെന്നും എങ്ങനെയാണെന്നും തിരിച്ചറിയാനും അതിനനുസരിച്ച് ഉയർന്ന് പ്രവർത്തിക്കാനും ഇന്ന് പൊതുസമൂഹം സന്നദ്ധമാകുന്നില്ല. .... (ബഹളം)... ശൈശവാവസ്ഥയെക്കാൾ ഭയാനകമാണ് വാർദ്ധക്യാവസ്ഥയെന്ന് തിരിച്ചറിഞ്ഞ് മുതിർന്നവരുടെ ക്ഷേമത്തിനായി പ്രവർത്തിക്കാൻ സംസ്ഥാനം മുന്നോട്ടുവരണം. ഒറ്റയ്ക്ക് താമസിക്കുന്ന വയോജനങ്ങൾ ഏറ്റവും കൂടുതലുള്ളത്

പത്തനംതിട്ട ജില്ലയിലാണ്. ഡോ. രാമൻകുട്ടിയുടെയും ഡോ. വിജയകുമാറിന്റെയും നേതൃത്വത്തിൽ ഹെൽത്ത് ആക്ഷൻ ഫോർ പീപ്പിൾ എന്ന സംഘടന വയോജന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ട സഹായങ്ങളും നിർദ്ദേശങ്ങളും നൽകുന്നുണ്ട്. പത്തനംതിട്ട ജില്ലാ ആസൂത്രണ സമിതിയുടെ നേതൃത്വത്തിൽ ഇത്തരം വയോജനങ്ങളുടെ പരിചരണത്തിന് മുന്നോട്ടു വന്നവർക്കായി ഒരു പരിശീലന ക്യാമ്പും ചരൽക്കുന്നിൽ നടത്തിയിട്ടുണ്ട്..... (ബഹളം)...

<u>മി. സ്പീക്കർ</u>: പ്ലീസ്, പ്ലീസ്.

<u>ശ്രീ. കെ. പി. മോഹനൻ</u>: ഈ വിഷയത്തിലേയ്ക്ക് സർക്കാരിന്റെ ശ്രദ്ധ അടിയന്തരമായി പതിയേണ്ടതുണ്ടെന്നാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ അഭ്യർത്ഥിക്കുന്നത്.

ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (<u>ഡോ. ആർ. ബിന്ദു</u>): സർ, വിശദമായ മറുപടി മേശപ്പുറത്ത് വയ്ക്കുന്നു.+

(ശ്രീ. പി. കെ. ബഷീർ സീറ്റിലില്ലാതിരുന്നതിനാൽ രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിച്ചില്ല.)

---

\+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

(അടിയന്തരപ്രമേയ നോട്ടീസിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസിനുമുന്നിൽ വന്നുനിന്ന് ബാനറും പ്ലക്കാർഡുകളും ഉയർത്തി മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)